# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3502

14.10.2011-ൽ മറുപടിക്ക്.

## വൻകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങളും ഐ.റ്റി. പാർക്കുകളുടെ വികസനവും

**ചോദ്യം**

ശ്രീ. മോൻസ് ജോസഫ് :
ശ്രീ. റ്റി.യു. കുരുവിള :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര വൻകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ ആരംഭിച്ചുവെന്ന് വ്യക്തമാക്കാമോ ;

**ഉത്തരം**

ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി)

(എ) മേയ് 2011-ന് ശേഷം കെ.എസ്.ഐ.ഡി.സി-യുടെ സാമ്പത്തിക സഹായം ലഭ്യമാക്കിയ ഇടത്തരം വൻകിട പദ്ധതികൾ താഴെ പറയുന്നവയാണ്.

| നം. | യൂണിറ്റിന്റെ പേര് | വായ്പാ സഹായം (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | വേവ്സ് ഇലക്ട്രോണിക്സ് പ്രൈ. ലി., എറണാകുളം. | 205.00 |
| 2 | B-3 എക്യുപ്പ്മെന്റ് ഇന്ത്യ പ്രൈ. ലി., ആലപ്പുഴ. | 175.00 |
| 3 | ഫാൽകൺ ഇൻഫ്രാസ്ട്രക്-ചേഴ്സ് ലി., കൊച്ചി (വികസനം). | 200.00 |
| 4 | ഐസക്ക് ഹോട്ടൽസ് പ്രൈ. ലി, എറണാകുളം. | 420.00 |
| 5 | ആസെല്ലർ സ്റ്റീൽസ് പ്രൈ. ലി., എറണാകുളം. | 900.00 |
| 6 | സ്മ്ലാഷ് ഇസ്പാറ്റ് പ്രൈ. ലി., തൃശ്ശൂർ. | 280.00 |
| 7 | സൈബർ പ്രിസം ലി., കൊച്ചി (വികസനം) | 90.00 |
| 8 | ഇൻകെൽ, എറണാകുളം. | 1500.00 |
| 9 | ക്രിസ്റ്റൽ അലുമിനിയം പ്രൊഡക്റ്റ്സ് പ്രൈ. ലി., കോഴിക്കോട്. | 275.00 |
| 10 | അൽ ബറാക്കാ ഫിനാൻഷ്യൽ സർവ്വീസസ് ലിമിറ്റഡ്. | 0.00 |
| 11 | MIV ലോജിസ്റ്റിക്സ് പ്രൈവറ്റ് ലി. | 0.00 |
| 12 | പാലക്കാട് റബ്ബർ പ്രൈ. ലി., (വികസനം) | 300.00 |

| | | |
|---|---|---|
| 13 | ഡയമണ്ട് റോളർ ഫ്ളോർ മിൽസ്, ചങ്ങനാശ്ശേരി (വികസനം). | 1800.00 |

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കിൻഫ്രയുടെ കീഴിൽ വിവിധ വ്യവസായ പാർക്കുകളിൽ വ്യവസായങ്ങൾ ആരംഭിക്കുന്ന--തിന് ഭൂമി അലോട്ട് ചെയ്ത വ്യവസായ സംരംഭകരുടെ വിശദാംശങ്ങൾ അനുബന്ധം-1 ആയി ചേർക്കുന്നു. പ്രസ്തുത വ്യവസായ സംരംഭങ്ങളെല്ലാം തന്നെ ചെറുകിട-ഇടത്തരം മേഖലയിൽപ്പെട്ടതാണ്.

(ബി) വൻകിട വ്യവസായികളെ ആകർഷിക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ ;

(ബി) സംസ്ഥാനത്ത് വിഭവശേഷിയ്ക്ക് അനുയോ--ജ്യമായതും, പരിസ്ഥിതി സൗഹൃദകരവും, കേരള ത്തിലെ ജീവിത സാഹചര്യങ്ങൾക്കനുസരിച്ച് തൊഴിലാളികൾക്ക് സേവന വേതന വ്യവസ്ഥ- കൾ നൽകുന്നതുമായ വൻകിട വ്യവസായങ്ങളെയാണ് പ്രോത്സാഹിപ്പിക്കു--ന്നത്. വൻകിട പദ്ധതികൾക്ക് മെഗാ പ്രോജക്ട് എന്ന പരിഗണന കൊടുത്ത് അവയുടെ നടത്തിപ്പിന് പ്രത്യേകമായ പാക്കേജ് നൽകും. നിക്ഷേപകരെ ആകർഷിക്കുന്നതിനുവേണ്ടി 'എമർജിംഗ് കേരള ഇൻവെസ്റ്റർ മീറ്റ്' 2012-ൽ സംഘടിപ്പിക്കുന്നുണ്ട്. കൂടാതെ, ഏകജാലക ക്ലിയറൻസ് സംവിധാനം കാര്യക്ഷമമാക്കു--ന്നതു വഴി പദ്ധതികൾ പ്രോൽസാഹിപ്പിക്കാൻ സർക്കാർ വിഭാവനം ചെയ്യുന്നു.

(സി) ഏതെല്ലാം പദ്ധതികൾ സംബന്ധിച്ച ധാരണാപത്രം ഒപ്പിട്ടിട്ടുണ്ട് എന്ന് വിശദമാക്കാമോ ;

(സി) 2011 സെപ്റ്റംബർ മാസത്തിൽ KSIDC, KIOCI Ltd-മായി ഒരു വൻകിട ഉരുക്ക് സംസ്കരണശാല തുടങ്ങുന്നതിനുള്ള ധാരണാപത്രം ഒപ്പ് വയ്ക്കുകയുണ്ടായി.

(ഡി) സംസ്ഥാനത്ത് ഐ.ടി. പാർക്കുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് ഏതെല്ലാം പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട് ; വിശദമാക്കാമോ ?

(ഡി) സംസ്ഥാനത്തെ ഐ.ടി വികസനത്തിനായി ഇപ്പോൾ നിലവിലുള്ള അടിസ്ഥാന സൗകര്യ-ങ്ങൾ മെച്ചപ്പെടുത്തുന്ന തിനോടൊപ്പം പല വികസന പദ്ധതികളും നടപ്പിലാക്കി വരുന്നു. ഐ.ടി / ഐ.ടി.ഇ.എസ് വ്യവസായ സംരംഭങ്ങൾക്കായുള്ള ലോകോത്തര നിലവാരത്തിലുള്ള കെട്ടിട സമുച്ചയങ്ങൾ, റോഡ്, പാർക്കിംഗ് സൗകര്യം, വൈദ്യുതി, ജലവിതരണ സംവിധാനം, കണക്ടിവിറ്റി സൗകര്യങ്ങൾ എന്നിവ ഒരുക്കുന്നു.

**സെക്ഷൻ ഓഫീസർ**